# കേരള സർവകലാശാല

നം.പി.ആർ.222/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ, എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാലയിൽ 2016-17 അധ്യയനവർഷം മുതൽ എം.എ ഹിസ്റ്ററി, എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ ഇക്കണോമിക്സ്, എം.എ സോഷ്യോളജി, എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ ഇസ്ലാമിക് ഹിസ്റ്ററി, എം.എ ഫിലോസഫി, എം.എ ഇംഗ്ലീഷ്, എം.എ മലയാളം, എം.എ ഹിന്ദി, എം.എ സംസ്കൃതം (ജനറൽ), എം.എ തമിഴ്, എം.എ അറബിക്, എം.കോം എന്നീ 14 ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ പുനരാരംഭിക്കാൻ ഉത്തരവായി. ഇതു സംബന്ധിച്ച വിജ്ഞാപനം ഉടൻ പ്രസിദ്ധീകരിക്കും.

### എം.ഫിൽ വൈവ

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ ഒപ്റ്റോ ഇലക്ട്രോണിക്സ് (കാര്യവട്ടം) വൈവ നവംബർ 28, 30 തീയതികളിലും എം.ഫിൽ സൈക്കോളജി (കാര്യവട്ടം) വൈവ ഡിസംബർ മൂന്ന്, ഏഴ് തീയതികളിലും നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി നഴ്സിംഗ് പരീക്ഷ

കേരള സർവകലാശാല ഡിസംബർ 20-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 30 (50 രൂപ പിഴയോടെ ഡിസംബർ രണ്ട്, 250 രൂപ പിഴയോടെ ഡിസംബർ അഞ്ച്) വരെ ഫീസ് അടയ്ക്കാം. 2008-ന് മുമ്പ് അഡ്മിഷൻ നേടിയിട്ടുള്ള കുട്ടികൾ ഈ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടതില്ല.

### എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യു/ എം.ടി.എ/ എം.പി.എ ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല 2017 ജനുവരി 18-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യു/ എം.ടി.എ/ എം.പി.എ പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങി. പിഴകൂടാതെ നവംബർ 29 (50 രൂപ പിഴയോടെ ഡിസംബർ രണ്ട്, 250 രൂപ പിഴയോടെ ഡിസംബർ അഞ്ച്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി (സി.എസ്.എസ്) പരീക്ഷ

കേരള സർവകലാശാല ഡിസംബർ അഞ്ചിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ പി.ജി (സി.എസ്.എസ്) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 28 (50 രൂപ പിഴയോടെ നവംബർ 30, 250 രൂപ പിഴയോടെ ഡിസംബർ ഒന്ന്) വരെ ഫീസ് അടയ്ക്കാം.

### ബി.ആർക് പരീക്ഷ

കേരള സർവകലാശാല ഡിസംബർ 14-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബി.ആർക് പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 29 (50 രൂപ പിഴയോടെ

ഡിസംബർ ഒന്ന്, 250 രൂപ പിഴയോടെ ഡിസംബർ അഞ്ച് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ അഞ്ച്, ആറ് തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരം കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## യോഗ സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് ഏതാനുംസീറ്റുകൾ ഒഴിവുണ്ട്. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 6000/- രൂപ. അപേക്ഷാഫീസ് 100 രൂപ. ക്ലാസുകൾ രാവിലെ ഏഴ് മണിമുതൽ ഒമ്പത് മണിവരെയും വൈകുന്നേരം അഞ്ച് മണിമുതൽ ഏഴ് മണിവരെയും. താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

## ദ്വിദിന ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ വിശ്വപ്രസിദ്ധ അറബിക് സാഹിത്യകാരൻ അബുൾഹസൻ അലി നദ്‌വിയുടെ രചനകളെക്കുറിച്ച് നടത്തുന്ന ദ്വിദിന ദേശീയ സെമിനാർ തിരുവനന്തപുരം യു.എ.ഇ കോൺസുലേറ്റ് കൗൺസിൽ ജനറൽ ഹുസൈൻ അൻസാബി ഉദ്ഘാടനം ചെയ്യും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ മുഖ്യാതിഥിയായിരിക്കും. കാര്യവട്ടം അറബിക് പഠനവകുപ്പിൽ നടക്കുന്ന സെമിനാറിൽ വിവിധ സർവകലാശാലകളിലെ അദ്ധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
23.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098